3

# പിതാക്കന്മാരുടെ കാലം

## അബ്രഹാമിനെ വിളിക്കുന്നതുമുതൽ മിസ്രയീമിൽ കുടിയേറിപ്പാർക്കുന്നതുവരെ

## ബി.സി. 1921-1706 (ഉൽപ. 11:27- 50:26)

**മുഖവുരയായി - എബ്രായരുടെ ദൗത്യം.** - നാം ക (ഉൽപ. 3:15) വീടെുപ്പുകാരന്റെ ആദ്യ വാഗ്ദാനം, വംശത്തിന് നേരിയ പ്രത്യാശ നൽകുന്നതാണ്. അതിനുമുൻപു ജനങ്ങളുടെ അധഃപതനം നിമിത്തം വെള്ളപ്പൊക്കം വരുത്തി പ്രത്യാശ ഏതാു നഷ്ടപ്പെട്ടിരുന്നു. ജലപ്രളയത്തിനുശേഷവും അന്തരീക്ഷം വീും മൂടപ്പെടുവാൻ തുടങ്ങി. യൂഫ്രത്തോസിലും നൈലിലും ഉായിരുന്ന സാമ്രാജ്യത്തിന്റെയും സംസ്കാരത്തിന്റെയും പ്രാരംഭ സ്ഥാനം വിഗ്രഹാരാധനയാൽ വിലയില്ലാത്തതായി തീർന്നു. ചില സ്ഥലത്ത്, ആരോ, ഏകസത്യദൈവത്തിനായി നിലനിൽക്കണം, അല്ലെങ്കിൽ വംശം *പ്രത്യാശ ഇല്ലാതെ* നഷ്ടപ്പെടും. ഇതായിരുന്നു എബ്രായരുടെ ഉന്നതമായ ദൗത്യം. തൽക്കാലത്തേക്കു, ഹാമിന്റെയും യാഫേത്തിന്റെയും വംശത്തിലൂടെ ദൈവം കടന്നുപോയി. ശേമിന്റെ വംശാവലിയിൽ കൂടെയും അവൻ കടന്ന്, കൽദയ ശിഖരത്തിൽപ്പെട്ട ഒരു കുടുംബത്തെ രക്ഷിക്കുകയും ചെയ്യുന്നു. ദൈവപരിജ്ഞാനം നിലനിർത്തുവാനും, അവസാനം, വാഗ്ദത്ത "സന്തതി," മൂലം *എല്ലാ* വംശങ്ങൾക്കും ദൈവത്തോടുള്ള കൂട്ടായ്മ പുനസ്ഥാപിക്കുവാനും ഇടയാക്കി - അതായിരുന്നു ദൈവീക ഉദ്ദേശം. അപ്പോൾ മുതൽ മനുഷ്യരെക്കാൾ സംഭവങ്ങളിൽ താല്പര്യമുണർന്നു, *അവരിൽ* കുറേ മാത്രം സ്പർശിക്കപ്പെട്ടിരുന്നു. വിശുദ്ധചരിത്രകാരൻ ബൃഹത്തായ നിലയിലേക്കു ചെറിയ സമയത്തിനുള്ളിൽ, നൂറ്റാുകളിലേക്കു വലിച്ചു നീട്ടി പ്രാധാന്യമുള്ള കാര്യങ്ങൾ ഉയർത്തി കാണിച്ചിരിക്കുന്നു. അപ്പോൾ മുതൽ, താൽപര്യം ആളുകളിലേക്കു തിരിഞ്ഞു; ചരിത്രത്തിന്റെ ഒഴുക്ക് പ്രത്യേകമായി, എബ്രായരായ, ഒരു വംശത്തിലേക്കു ചുരുങ്ങി വളർന്നുകൊിരുന്നു. ആ കാലയളവിലെ സംഭവങ്ങളെ തുടർന്നു വരുന്നത്, അബ്രഹാം, യിസഹാക്ക്, യാക്കൊബ്, യോസേഫ്, എന്നീ നാലു തീർത്ഥയാത്രക്കാരായ പിതാക്കന്മാരുടെ ജീവിതങ്ങളായിരുന്നു.

### I. അബ്രഹാമിന്റെ ജീവിതം.
### (ഉൽപ. 11:27-25:10.)

എല്ലാ കാലത്തെയും, മഹാന്മാരിൽ ഒരാളും, ''വിശ്വാസികളുടെ പിതാവും," എബ്രായ വംശത്തിന്റെ സ്ഥാപകനും ആയിരുന്നു അബ്രഹാം. അവന്റെ ജീവിതം സ്വാഭാവികമായി രായി വിഭജിക്കാം, അത്.: (1) അലഞ്ഞുതിരിയൽ, (2) എബ്രോനിൽ ചെന്നു പാർക്കൽ.

1. **അലഞ്ഞുതിരിയൽ.** - *a. പ്രാരംഭ ഭവനം.* - ഊർ പട്ടണക്കാരനായി

രുന്നു അബ്രഹാം, അതു എഫ്രാത്ത് നദിയുടെ താഴത്തെ അറ്റത്തായിരുന്നു, ആസ്യൻ സംസ്ക്കാരത്തിന്റെ ആരംഭ സ്ഥലമായിരുന്നു അത്. ഒന്നുകിൽ ഹാമ്യർ അല്ലെങ്കിൽ തുറേന്യർ ആയിരുന്നു ആദ്യം, അതു പിന്നീട് ശേമ്യർ ആയിതീർന്നു. അതു വ്യക്തമായും വിഗ്രഹാരാധനയുമായി ബന്ധപ്പെട്ടതായിരുന്നു (ഒ.വാ. ഉൽപ. 16:26, 31; യോശു. 24:2).

*b. വിളിയും ഉടമ്പടിയും* (ഉൽപ. 12:1–3). – ഇവിടെ അവനെ പിതൃഭവനത്തെയും, ചാർച്ചക്കാരെയും, ദേശത്തെയും വിട്ട്, അറിയുവാനിരിക്കുന്ന മറ്റൊരു ദേശത്തേക്കു പോകുവാൻ ദൈവം വിളിച്ചു. മനുഷ്യന്റെ വീഴ്ചക്കു ശേഷം, മതപരമായി നടക്കുന്ന പ്രധാനപ്പെട്ട ഒരു സംഭവമാണ് ഇത്. ആ വിളിയോടുകൂടി ദൈവം ഒരു ഉടമ്പടിയും കൊടുത്തു. അതിൽ നാലു വാഗ്ദാനങ്ങൾ അടങ്ങിയിരുന്നു: (1) ഒരു വലിയ ദേശം; അതു എബ്രായരിൽ അഥവാ യെഹൂദന്മാരിൽ നിറവേറി. (2) ഒരു വലിയ പേര്. നിംരോദ്യരും ഫറവോന്മാരും കൈസർമാരും ജീവിച്ചിരുന്നപ്പോൾ ലോകത്തിൽ വലിയ സ്ഥാനം അലങ്കരിച്ചിരുന്നു, എന്നാൽ അവരിൽ ഒരാൾക്കു പോലും, ചരിത്രപരമായി ആ വംശത്തെ സ്വാധീനിക്കുവാൻ കഴിഞ്ഞില്ല. വിശ്വാസികളുടെ പിതാവായിരുന്ന അബ്രഹാമിലേക്കു വലിയ മൂന്നു മതങ്ങൾ നോക്കുന്നു: യെഹൂദമതം, ക്രിസ്തീയമതം, മുഹമ്മദീയ മതം. (3) ഒരു ദേശം; എബ്രായർ കനാൻ അവകാശമാക്കിയപ്പോൾ നിറവേറി. (4) സകല വംശങ്ങൾക്കുമുള്ള അനുഗ്രഹം; രായിരം വർഷങ്ങൾക്കു ശേഷം ക്രിസ്തുവിലും സുവിശേഷം ലോകവ്യാപകമായി അറിയിച്ചപ്പോഴും നിറവേറി. വളരെ–വിസ്തൃതമായ നിലയിൽ, അതു ഇന്നും നിറവേറിക്കൊരിക്കുന്നു.

*c. കുടിയേറിപ്പാർക്കൽ.* – എല്ലാ വ്യത്യസ്ത ദേശീയരുടെയും ജീവിതത്തിന്റെ വേരുകളിൽ കുടിയേറിപ്പാർക്കൽ ഉ്; എന്നാൽ കുറേപ്പേരുടെ കുടിയേറിപ്പാർക്കൽ മതപരമായി വേറിട്ടുനിൽക്കുന്നു, അല്ലെങ്കിൽ എബ്രായരുടേതുപോലെ ചരിത്രത്തിൽ വ്യക്തമായി കിടക്കുന്നു. എഴുപത്തി–അഞ്ചാം വയസ്സിൽ, അടുത്ത ബന്ധുക്കളെയും ദേശത്തെയും വിട്ടുകൊ്, അറിയപ്പെടാത്ത ദേശത്തേക്ക്, എവിടെ പോകുന്നുവെന്നറിയാതെ പോകുവാൻ വിശ്വാസനായകനെ വിളിച്ചു. “വിശ്വാസത്താൽ, താൻ എവിടെപോകുന്നുവെന്നറിയാതെ, അനുസരണത്തോടെ, യാത്രയായി” (എബ്രാ. 11:8). *അത്തരം* ഒരു മനുഷ്യൻ ഒരു വംശത്തിൽ സഹിഷ്ണുതയോടെ, ഉന്നതമായ സത്യമായ – ദൈവത്തിന്റെ ഐക്യതക്കായി നിലകൊു.

അവന്റെ അപ്പനായ, തേരഹ്, അവന്റെ അനാഥനായ അനന്തരവൻ ലോത്ത്, അവന്റെ ഭാര്യ, സാറ, എന്നിവരോടൊത്ത് എഫ്രാത്തിനുമുകളിലുള്ള ഹാരാനിലേക്കു, അവൻ പോയി. അവിടെവെച്ചു തേരഹ് മരിക്കുകയും, അബ്രഹാം, അപ്പോഴും ദൈവത്തിന്റെ വിളി അനുസരിച്ച്, എഫ്രാത്ത് തീരം വിട്ട് കനാൻ ദേശത്തേക്കു യാത്ര തിരിച്ചു. അവൻ ഇപ്പോൾ അപരിചിതമായ ഒരു ദേശത്താണ്, അന്യവർഗ്ഗത്തിനുമിടയിലുമാണ്. ശേഖേമിൽ, ദൈവം അവന് പ്രത്യക്ഷനാകുകയും ഉടമ്പടി പുതുക്കുകയും ചെയ്യുന്നു, “നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കും.”[1] അപ്പോൾ, അതാണ്, ആ ദേശം. കുടിയേറിപ്പാർക്കൽ സ്ഥിരീകരിച്ചു.

കുറേ വർഷം അബ്രഹാം ഓരോ സ്ഥലത്തായി അലഞ്ഞുതിരിഞ്ഞു. അവൻ യാത്ര ചെയ്തത് (1) ബെഥേൽ, (2) തെക്ക്, (3) മിസ്രയീം, (4) തെക്ക്, (5) ബെഥേൽ. ഇവിടെവെച്ചു ലോത്തും അബ്രഹാമും വേർപിരിയുന്നു;

ലോത്ത് യോർദ്ദാൻ തടാകമായ സോദോമിലേക്കു നീങ്ങുകയും, അവസാനം സോദോമിൽ പാർക്കുകയും ചെയ്തു. (6) അബ്രഹാം തെക്കുള്ള ഹെബ്രോനിലേക്കു മാറുകയും ചെയ്തു. അവിടെയായിരുന്നു അവന്റെ ജീവിതം അധികവും കേന്ദ്രീകരിച്ചിരുന്നത്. എന്നാൽ അവസാനം അവൻ കൂടാരങ്ങളിലാണ് പാർത്തിരുന്നത്. എല്ലാ സ്ഥലങ്ങളിലും അവൻ യാഗപീഠം പണിതിരുന്നു. കൂടാരവും യാഗപീഠവും അവന്റെ കനാൻ ജീവിതത്തിലെ വ്യക്തിപ്രഭാവത്തെ സൂചിപ്പിക്കുന്നു.

**2. എബ്രോനിൽ പാർത്ത അവന്റെ ജീവിതം.** – ഈ കാലയളവിലെ മുഖ്യ സംഭവങ്ങൾ ഇവയാണ്:

*a. കൽദയ കീഴ്പ്പെടുത്തൽ.* – കൽദയരെ ഭരിച്ചിരുന്നത് എലാമ്യ ഭരണകൂടമായിരുന്നു. അതിമോഹമുള്ള ആ വംശം അവരുടെ കീഴ്പ്പെടുത്തൽ വളരെ പടിഞ്ഞാറോട്ടു നീക്കി യോർദ്ദാൻ താഴ്വര വരെ എത്തിച്ചു. യോർദ്ദാനിലെ നിസ്സാരമായ രാജാക്കന്മാർ പന്ത്രുവർഷങ്ങളോളം ആ ഭാരം സഹിക്കുകയും പിന്നെ ലഹള പുറപ്പെടുകയും ചെയ്തു. കൽദയ ഭരണാധികാരി ആയിരുന്ന, എലാമ്യനായ ചേദലോമർ, ആ ലഹള അടിച്ചമർത്തുകയും ലോത്ത് അടക്കം ഉള്ള, സോദോമ്യരെ പിടിച്ചുകൊു പോകുകയും ചെയ്തു. അബ്രഹാം, പരിശീലനം സിദ്ധിച്ച മുന്നൂറ്റി പതിനെട്ടു സേവകരുമായി ചെന്ന്, പ്രവാസികളെ രക്ഷിച്ചു. ആ തിരിച്ചുവരവിലാണ് അവൻ മൽക്കീസദേക്കിനെ കുമുട്ടുന്നതും അനുഗ്രഹിക്കപ്പെടുന്നതും, ആ പുരോഹിത രാജാവിനാണ് എബ്രഹാം ദശാംശം കൊടുത്തതു.

*b. ഹാഗാറുമായുള്ള വിവാഹം.* – വർഷങ്ങൾ പിന്നിട്ടിട്ടും വാഗ്ദാന സന്തതി ജനിച്ചിരുന്നില്ല. അബ്രഹാമിനും സാറായ്ക്കും പ്രായം ചെന്നു. സാറായുടെ നിർദ്ദേശപ്രകാരം, അബ്രഹാം അവരുടെ ദാസിയായിരുന്ന, ഹാഗാറിനെ, രാം ഭാര്യയായി എടുത്തു. അവൾ യിസ്മായേലിന്റെ അമ്മയാകുകയും, അങ്ങനെ അറേബ്യരുടെ മുൻഗാമിയാകുകയും ചെയ്തു.

*c. പരിഛേദന എന്ന സ്ഥാപനം.* – അബ്രഹാമിനു ഇപ്പോൾ നൊണ്ണൂറ്റി-ഒൻപതു വയസ്സുപ്രായമായി. സാറാ അവനെക്കാൾ പത്തുവയസ്സിന് എളുപ്പമായിരുന്നു. ഉടമ്പടി വാഗ്ദാനം അപ്പോഴും നിറവേറപ്പെട്ടിരുന്നില്ല: വാഗ്ദാനം സാറാ മുഖാന്തരം ആയിരുന്നുവെങ്കിലും, അവൾക്കു അതുവരെ ഒരു പുത്രൻ ജനിച്ചിരുന്നില്ല. ഒരിക്കൽ കൂടെ ദൈവം പ്രത്യക്ഷമാവുകയും ഉടമ്പടി പുതുക്കുകയും, അതിനെ രു അടയാളങ്ങളാൽ മുദ്ര ഇടുകയും ചെയ്തു: (1) അവരുടെ പേരുകൾ, ആരംഭത്തിൽ അബ്രാം (ഉയർന്ന പിതാവ്), സാറായി (കലഹപ്രിയ) എന്നുമുള്ളത്, അബ്രഹാം എന്നും (ബഹുജാതികളുടെ പിതാവ്), സാറാ (രാജകുമാരി) എന്നും ആയി; (2) പരിഛേദന എന്ന ക്രമം ഉടമ്പടി ചെയ്ത ആളുകൾക്കു നിലനില്ക്കുന്നതായിരുന്നു.

*d. സോദോമിന്റെ നാശം.* – യോർദ്ദാൻ സമതലപ്രദേശങ്ങളിലെ പട്ടണങ്ങൾ അധാർമ്മികതയിൽ മുഴുകുകയും, അവരുടെ തുടർനടപടികൾ ചുറ്റുമുള്ള ദേശങ്ങൾക്ക് അപകടമാകുകയും ചെയ്തു. അവരെ അതിനു ദൈവം നശിപ്പിക്കുവാനിരുന്നതിനെ ദൈവം അബ്രഹാമിനെ വെളിപ്പെടുത്തി കൊടുക്കുകയും, അവൻ അവർക്കുവേി പക്ഷപാതം ചെയ്യുകയും ചെയ്തിട്ടും, അതിനെ മുഴുവനായി രക്ഷിപ്പാൻ കഴിഞ്ഞില്ല, എന്നാൽ മുഴുവൻ നഷ്ടപ്പെട്ടുമില്ല. ആ ദഹിപ്പിക്കലിൽ നിന്ന് ലോത്തിനെ മാറ്റിനിർത്തി, അവന്റെ ഭാര്യ പുറകോട്ടു നോക്കുകയും അവൾ ഉപ്പുതൂണായി സോദോമിൽ നിൽക്കു

കയും ചെയ്തു. ലോത്ത് സോരിലേക്ക് രക്ഷപ്പെടുകയും, അവന്റെ സ്വന്ത പെൺമക്കളിലൂടെ അവൻ മോവാബ്യരുടേയും അമ്മോന്യരുടെയും പിതാവാകുകയും, അവരുടെ പിൻഗാമികൾ എബ്രായരുടെ എതിരാളികളായി തീരുകയും ചെയ്തു.

*e. യിസഹാക്കിന്റെ ജനനവും അവനെ അർപ്പിക്കുന്നതും.* - ഇപ്പോൾ അബ്രഹാമിനു നൂറുവയസ്സും സാറായ്ക്ക് തൊണ്ണൂറുവയസ്സുമായിരുന്നു. ഇരുപത്തി-അഞ്ചു വർഷങ്ങളോളം അലഞ്ഞ് തിരിയുകയും കാത്തിരിക്കുകയും ചെയ്തശേഷമാണ് വാഗ്ദാനനിറവേറലിന്റെ സൂചന ലഭിക്കുന്നത്. സാറാ ഒരു മകനെ പ്രസവിക്കുകയും അവന്ന് യിസഹാക്ക് എന്നു പേരിടുകയും ചെയ്തു. എന്നാൽ അപ്പോഴും കഠിനമായ ശോധന അവരെ കാത്തിരുന്നു. അബ്രഹാമിന്റെ വിശ്വാസം വിജയിച്ചത് തന്റെ ചാർച്ചക്കാരെയും ദേശത്തെയും സ്നേഹിച്ചതുവിട്ടുകൊായിരുന്നു. ആ വിജയം സ്വന്തസന്തതിയോടുള്ള സ്നേഹവും വിട്ടുകളയുവാൻ സംഗതിവരുമോ? ആ മർമ്മ പ്രധാനമായ സന്ദേശം അവന്റെ കാതുകളിൽ അലച്ചു, "ഇപ്പോൾ നീ സ്നേഹിക്കുന്ന ഏകജാതനായ, യിസഹാക്കിനെ എടുത്തുകൊു, യാഗം കഴിക്ക."[2] അത്തരം ഒരു കൽപന നമ്മുടെ ധാർമ്മികബോധത്തെ തന്നെ ഉലയ്ക്കുന്നതാണ്. അത് ഒരു കടമകളുടെ പോരാട്ടമായി തോന്നിയേക്കാം. പക്ഷെ അബ്രഹാമിനു അതു അങ്ങനെ ആയിരുന്നില്ല. മനുഷ്യയാഗം സാധാരണമായിരുന്നു; ആ കാലത്ത് അതു നിറയെ ഉായിരുന്നു, അബ്രഹാമിനു അതു അറിവും ഉായിരുന്നു. *അവിടെ* അവനു സംഘർഷമുായതായി കാണുന്നില്ല. ഒരുവശത്ത് ദൈവവിളിയും, അവനു യിസഹാക്കിനോടുള്ള സ്നേഹവും ഉടമ്പടി വാഗ്ദാനത്തിലുള്ള അവന്റെ പ്രത്യാശ മറുവശത്തുമായി നിന്നു. ആ വാഗ്ദാനത്തിന്നു അവന്റെ ആത്മാവിനെ ഇരുമ്പു കൊളുത്താൽ പിടിക്കുന്നതുപോലെ തോന്നി. ഒരിക്കൽ കൂടെ വിശ്വാസം ജയിച്ചു (എബ്രാ. 11:17-19). ഇവിടെ നാം അബ്രഹാമിന്റെ വിശ്വാസവും അനുഭവവും ഉച്ചസ്ഥായിയിൽ എത്തുന്നതു കാണുന്നു. അവന്റെ പുത്രനെ രക്ഷിച്ചു; കാരണം ദൈവം വാസ്തവത്തിൽ അവന്റെ യാഗത്തെ ആഗ്രഹിച്ചില്ല. പിതാക്കന്മാർ അവൻ വിവാഹം ചെയ്ത്, പുത്രസമ്പത്തു വർദ്ധിപ്പിച്ച് അഭിവൃദ്ധി പ്രാപിക്കുന്നതു കാണുവാൻ ജീവിക്കുന്നു. എബ്രോനിലെ മക്പേലാ ഗുഹയിൽ അവൻ സാറായെ അടക്കം ചെയ്തു, ആ സ്ഥലം മാത്രമായിരുന്നു വാഗ്ദാന ദേശത്ത് അവൻ അവകാശപ്പെടുത്തിയത്. അവിടെ, അവനെയും, യിസഹാക്കിനാലും യിസ്മായേലിനാലും അടക്കം ചെയ്യുകയും, അങ്ങനെ ഒരു നൂറ്റാിലെ കനാന്റെ അവരുടെ തീർത്ഥയാത്ര തീരുകയും ചെയ്തു.

ലോകത്തിൽ കുറച്ചു അബ്രഹാമുമാർ ഉായിരുന്നു. അതിൽ ധാരാളം ലോത്തുമാർ ഉ്, അവർ നിത്യമായ സാഹസത്തിൽ ലോകപരമായ നന്മകൾ മനസ്സിലാക്കുന്നു. പ്രഭാതത്തിലെ മഞ്ഞുപോലെ ലോത്തും അവന്റെ വംശവും ഇല്ലാതായി; അബ്രഹാമും അവന്റെ സന്തതിയും ലോകത്തിന്റെ നിത്യവും അന്തിമവുമായ സ്ഥാനം രൂപപ്പെടുത്തി.

## II. യിസഹാക്കിന്റെ ജീവിതവും സ്വഭാവവും.
## (ഉൽപ. 24:1-28:9.)

**1. യിസഹാക്കിന്റെ ജീവിതത്തിലെ സ്വഭാവരീതികൾ.** - യിസഹാക്കിന്റെ ജീവിതസംഭവങ്ങൾ ഉടനെ പറയുന്നു. ഒരുവശത്ത് അവന്റെ അപ്പന്റെ പ്രവൃ

ത്തികളും, മറുവശത്ത് അവന്റെ മകനായിരുന്ന യാക്കോബിന്റെ പ്രവൃത്തികളെയും അതിൽ പറയുന്നു. യിസഹാക്കിന്റെ ജീവിതം അബ്രഹാമിന്റെ എഴുപത്തി-അഞ്ചു വർഷക്കാലത്തെ ജീവിതത്തിൽ ഇടകലർന്നു കിടക്കുകയും, യാക്കോബിന്റെ നൂറ്റിയിരുപതു വർഷത്തെ ജീവിതവുമായും ഇടകലരുന്നു. *അവന്റെ* ജീവിതത്തിലെ ഓരോ പ്രധാന സംഭവവും കൂടുതൽ കൃത്യമായി *അവരുടേതായി* നിലനിൽക്കുന്നു. ഒരു ചരിത്ര വ്യക്തി എന്ന നിലയിൽ, അവൻ അവയ്ക്കെല്ലാം ഉപരിയായി നിൽക്കുന്നു. നിഷ്ക്രിയവും സമാധാന-പ്രിയവും ആയി, തന്റെ പിതാവിനാൽ അർപ്പിക്കപ്പെടേതിനു പറ്റിച്ചേരുകയും, പിന്നീടു സ്പഷ്ടമായും അവന്റെ അമ്മയുടെ ജീവിതം അവനെ സ്വാധീനിക്കുകയും, അതിനുശേഷം അവന്റെ ഭാര്യയുടേതുമായി പറ്റിച്ചേരുകയും, കൂടാതെ ഫെലിസ്ത്യർക്കെതിരായി യുദ്ധം ചെയ്യുന്നതിനു പകരം അവൻ അവരോടു പറ്റിച്ചേരുകയും ചെയ്തു. തെക്കേ ദേശമായ എബ്രോനിനടുത്ത് അവന്റെ ദീർഘായുസ്സ് നൂറ്റിയെൺപതു വർഷത്തോളമായിരുന്നു. അവൻ അബ്രഹാമിനെ പോലെ തന്നെ ആയിരിക്കുകയോ യാക്കോബിന്റെ കൊടുങ്കാറ്റുപോലെയുള്ള അനുഭവമോ അവനുായിരുന്നില്ല. അപ്പോഴും, ഒരു വാഗ്ദാന സന്തതി എന്ന നിലയിലും ഉടമ്പടി വാഗ്ദാനത്തിന്റെ അവകാശി എന്ന നിലയിലും, ആ കാലയളവിലെ നാലുപിതാക്കന്മാരിലും ആദരണീയ സ്ഥാനം അവനുായിരുന്നു. അവൻ അബ്രഹാമിന്റെ ഉന്നതവിശ്വാസത്തിൽ നടക്കുകയും, അബ്രഹാം നൽകിയ ഉടമ്പടി അവനു വീും വീും പ്രത്യക്ഷനായി പുതുക്കി നൽകുന്നു്.

2. **അവന്റെ വിവാഹവും കുടുംബവും.** – അബ്രഹാമിന്റെ സഹോദരനായ, നാഹോർ, ഒന്നുകിൽ കുടുംബപരമായ കുടിയേറിപ്പാർക്കലിൽ ചേരുകയോ, ഹാരോൻ തുടങ്ങി ഊർ വരെയുള്ള കുടുംബ കുടിയേറിപ്പാർക്കലിൽ എത്തിച്ചേരുന്നു. അവിടെ അവൻ തുടർന്നുജീവിച്ചു. വിഗ്രഹാരാധികളായ കനാന്യരുമായി കുടുംബബന്ധം പുലർത്തുന്ന ഏതൊന്നും ഭയപ്പെട്ടിരുന്നു, അബ്രഹാം തന്റെ വിശ്വസ്തനായ ദാസനെ ഹാരാനിൽ നാഹോരിലുള്ള കുടുംബത്തിലേക്കയച്ചു. പിന്നെ അവൻ ബഥുവേലിന്റെ മകളായ, റിബേക്കയെ, യിസഹാക്കിന് ഭാര്യയായി എടുക്കയും അവൾ ഇരട്ടമക്കളായ, ഏശാവിന്റെയും യാക്കോബിന്റെയും അമ്മയായി തീരുകയും ചെയ്തു.

## III. യാക്കോബിന്റെ ചരിത്രം.
### (ഉൽപ. 27:1-49:33.)

യാക്കോബിന്റെ ജീവിതത്തിലെ രദ്ധ്യായങ്ങൾ, അവനു ലഭിക്കുന്ന രുപേരുകളും, അവന്റെ സ്വഭാവത്തിലെ രു വ്യത്യസ്തമായ വശങ്ങളും ഉൾപ്പെടുന്നു. ആദ്യം, അവൻ യാക്കോബ് (മറിച്ചിടുന്നവൻ); രാമത്, അവൻ യിസ്രായേൽ (ദൈവത്തിന്റെ രാജകുമാരൻ) എന്നു വിളിക്കപ്പെടുന്നു. വേർതിരിക്കുന്ന രേഖ പെനിയേൽ ആയിരുന്നു, അവിടെ അവൻ ദൂതനോടു മല്ലിടുകയും, അവനെ ജയിക്കുകയും ചെയ്തു. ക്രിസ്തീയ പരിവർത്തനത്തിനു സാമ്യമായി എടുത്തുകാണിക്കുവാൻ മറ്റൊരു പിതാക്കന്മാരുടെ ജീവിതത്തിനും സാദ്ധ്യമല്ല. ആദ്യം മുതൽ അവസാനം വരെ, മറ്റുള്ളവർ വിശ്വാസ ജീവിതം നയിച്ചു. എന്നാൽ യിസ്രായേൽ എന്ന രാജകുമാരൻ യാക്കോബ് എന്ന മറിച്ചിടൽ മനുഷ്യനിൽ നിന്നു വളരെ വ്യത്യാസമുള്ളതായിരുന്നു.

1. **മറിച്ചിടുന്നവനായ യാക്കോബ്** (ഉൽപ. 27:1–32:32). – *a. അവന്റെ പേർ.*–

അവന്റെ ജനനസംഭവം മുതൽ അവന്ന് യാക്കോബ് എന്നു പേരിടുകയും ചെയ്തു: കുതികാൽ–പിടിക്കുന്നവൻ, ഒരാൾ മറ്റൊരാളെ കടന്ന്, മറികടക്കുന്നവനായി തീരുന്നു. അവൻ പ്രായത്തിൽ കുറവുള്ളവനായിരുന്നുവെങ്കിലും, തിരഞ്ഞെടുക്കപ്പെട്ട വംശാവലിയും അവർ ക്കുള്ള ഉടമ്പടിയും യാക്കോബിൽ കൂടെ വരണമായിരുന്നു; അതുകൊു, അവന്റെ ജനനത്തിൽ, ഇത് മുന്നറിയിച്ചു, "മൂത്തവൻ ഇളയവനെ സേവിക്കും."[3]

*b. ജന്മാവകാശം കൈവശപ്പെടുത്തി.* – യേശാവ് ഒരു വേട്ടക്കാരനായിരുന്നു; യാക്കോബ് ഒരു "ശാന്ത" നായ മനുഷ്യനും തോട്ടക്കാരനും ആയിരുന്നു. ഏശാവ് വരുന്നത്, അവന്റെ ജന്മാവകാശം യാക്കോബിന്റെ പാത്രത്തിനായി വിലപേശിക്കൊായിരുന്നു, അങ്ങനെ നൈമിഷിക തൃപ്തിക്കായി ഉടമ്പടി അനുഗ്രഹങ്ങളെ അവൻ ത്യജിച്ചുകളഞ്ഞു. അത്തരം സ്വഭാവം ഒരു സഹിഷ്ണുതയുള്ള ദേശത്തിനോ ഉയർന്ന ആത്മീയ മതത്തിനോ യോജിച്ചതല്ല. "ശാന്തനായ" യാക്കോബ് ജന്മാവകാശവും ഉടമ്പടി വാഗ്ദാനവും വിലക്കുവാങ്ങി, എന്നാൽ പട്ടിണികിടന്ന് തന്റെ സഹോദരനിൽനിന്ന് അവനതു അന്യായമായി കയ്യടക്കി.

*c. കവർന്നെടുത്ത അനുഗ്രഹം.* – വർഷങ്ങൾ കടന്നുപോയി. പിതാവിന്റെ അനുഗ്രഹം മക്കൾക്കു പകർന്നുകൊടുക്കേ സമയമായി യിസഹാക്കിന്. ആൺകുട്ടികളുടെ ജനനസമയത്ത് ദൈവീക ഉദ്ദേശത്തിനു വിപരീതമായി, അവൻ അത് ഏശാവിനു പകർന്നുകൊടുപ്പാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ റബേക്ക ഉറക്കത്തിലായിരുന്നില്ല. അവൾ ഗൂഢാലോചന നടത്തുകയും, യാക്കോബ്, തന്റെ പേരിനനുസരിച്ച്, അവളുടെ പദ്ധതിക്ക് വിധേയപ്പെട്ടു. ഉപായം വിജയിച്ചു. കാഴ്ച്ച മങ്ങിയ യിസഹാക്കിന്റെയും ഏശാവിന്റെയും അസാന്നിധ്യത്തിൽ, കൈകൾ ഉയർത്തി അപ്പന്റെ ആദ്യ അനുഗ്രഹം യാക്കോബിന്റെ തലയിൽവന്നു.

*d. ഹാരാനിലേക്ക് ഓടിപ്പോകൽ.* – യാക്കോബിന്റെ പാപത്തിന്റെ ആദ്യഫലം, തന്റെ അപ്പനെ വഞ്ചിക്കുന്നതും സഹോദരനോടു വ്യാജം പ്രവർത്തിക്കുന്നതും, അവന്റെ കുറ്റത്തോടു റബേക്കക്കും പങ്കാളിത്വമുായിരുന്നു. ഏശാവിനു അവന്റെ ജീവൻ എടുക്കണമെന്നു തോന്നുകയും ചെയ്തു. റബേക്കയുടെ നിർദ്ദേശപ്രകാരം, യാക്കൊബിനു ഒരു ഭാര്യയെ കത്തെുവാൻ ഹാരാനിലെ അവളുടെ ബന്ധുക്കളുടെ അടുക്കലേക്കയച്ചു. അതൊരു ദുഃഖകരമായ ഓട്ടം ആയിരുന്നു; – പുറകിൽ, ബാല്യകാല ഓർമ്മകൾ, തന്റെ വിലകുറഞ്ഞ അവസ്ഥകളുടെ നിഴൽ, ഏശാവിന്റെ പ്രേക്ഷകനായ ഏശാവിന്റെ പ്രതികാരം; മുൻപ്, ദൈവത്തിനുമാത്രമേ അതെന്താണെന്നു അറിയുമായിരുന്നുള്ളൂ. രാത്രി വരുന്നു. അവൻ നക്ഷത്രങ്ങൾക്കടിയിൽ ഉറങ്ങുവാൻ കിടന്നു. പകലിലെ അവന്റെ ചിന്തകൾ രാത്രിയിൽ സ്വപ്നമായി ത്തീർന്നു. ദൈവം അവനെ *പൂർണ്ണമായും* ഉപേക്ഷിച്ചില്ല; അവനും ദൈവത്തെ ഉപേക്ഷിച്ചില്ല. കോണിയുടെ ദർശനത്തിൽ ദൈവം അബ്രഹാമിന്റെയും, യിസഹാക്കിന്റെയും ദൈവമായി, അവനു വെളിപ്പെടുത്തി കൊടുത്തു, ദൈവത്തിന്റെ ഉടമ്പടി ദരിദ്രനും, തെറ്റുകാരനും ഓടിപ്പോയ യാക്കൊബിനും, അതിന്റെ ദൂര-വ്യാപകമായ കരുണയും ഉാകുന്നു. തന്നത്താൻ താഴ്ത്തുകയും, ദൃഢബദ്ധനാകുകയും ചെയ്ത യാക്കൊബ്, പ്രഭാതത്തിൽ ഉണർന്ന, തലയിണയായിവെച്ച കല്ല് തൂണാക്കി നിർത്തുന്നു, അതിനു ബെ-ഥേൽ എന്നു നാമകരണം ചെയ്യുന്നു, ദൈവത്തിന്റെ ആലയം, ആണ

കൾ യാക്കൊബിനെ–പോലെയുള്ളവനു, കരുണ ലഭിച്ച് യഹോവ അവന്റെ ദൈവമായി തീരുന്നു.

*e. ഹാരാനിലെ ജീവിതം.* – ഹാരാനിൽവെച്ച് തന്റെ അമ്മാവനായിരുന്ന ദാബാന്റെ മകളെ തന്റെ പങ്കാളിയായി കത്തെുന്നു, എന്നാൽ അവൻ സൂത്രത്തിൽ, അവന്റെ മൂത്തമകളായ ലേയയെ, ആദ്യം വിവാഹം ചെയ്തു കൊടുക്കയും, പിന്നെ അവൻ റാഹേലിനെ ഭാര്യയായി എടുക്കുമെന്നും അറിഞ്ഞു, കാരണം അവൻ അവളെ ആയിരുന്നു ആദ്യം കിണറ്റിനരികിൽ കുമുട്ടിയതും സ്നേഹിച്ചതും. പ്രവാസത്തിൽ ഇരുപതുവർഷം കഴിഞ്ഞു. ഒടുവിൽ, അസംഖ്യം കുടുംബവും വലിയ സമ്പാദ്യങ്ങളുമായി, അവൻ തന്റെ പഴയ ഭവനത്തിലേക്കു മടങ്ങുന്നു. അവൻ കനാനിന്റെ കിഴക്കേ അതിരിനടുത്തെത്തിയപ്പോൾ, ഏശാവു തന്നെ കാണുവാൻ നാനൂറു പുരുഷന്മാരുമായി വരുന്നു എന്നു കേട്ടു. ഒരിക്കൽ കൂടെ തന്റെ പാപങ്ങളുടെ അനുഭവസ്ഥനായ സഹോദരന്റെ പ്രതികാരം അവനുമുന്നിൽ വരുന്നു. ബലഹീനതയാലും അയോഗ്യതയാലും അവന്റെ ആത്മാവു ഞെരുക്കത്തിലായി. ഏശാവിനെ സമാധാനിപ്പിക്കുവാൻ തുരുതുരാ സമ്മാനങ്ങൾ കൊടുത്തയച്ചു. യാബോക്ക് നദിയുടെ അടുത്തുവെച്ച് കുടുംബം പിൻപറ്റി. യാക്കോബ് പിനയെലിൽ തനിച്ചായിരുന്നു. പിന്നെ രാത്രി മുഴുവൻ യഹോവയുടെ അജ്ഞാത സന്ദേശകനുമായി അവൻ മല്ലയുദ്ധം നടത്തി. ഒടുവിൽ അന്ധകാരം മായുന്നു; പ്രഭാതം പൊട്ടിവിടരുന്നു; സ്വേച്ഛക്കാരനായ യാക്കൊബ് കീഴടങ്ങുന്നു; *പിന്നെ* അവൻ വിജയിക്കുകയും അനുഗ്രഹിക്കപ്പെടുകയും, യാക്കൊബ് എന്ന മറിച്ചിടുന്നവൻ മാറുകയും യിസ്രായേൽ എന്നാകുകയും ചെയ്തു.

**2. രാജകുമാരനായ യിസ്രായേൽ.** – അതു മുതൽ യാക്കൊബ് ഒരു പുതിയ മനുഷ്യനായി തീരുന്നു. സഹോദരന്മാർ കുമുട്ടുകയും സമാധാനത്തിൽ പിരിയുകയും ചെയ്തു. വളരെ കാലശേഷം, അവരുടെ അപ്പന്റെ ശവസംസ്കാരത്തിൽ അവർ ഒത്തുചേരുന്നു. ദൈവവിളി അനുസരിച്ച്, യിസ്രായേൽ ബഥേലിലേക്ക് ഒരു തീർത്ഥയാത്ര പോകുന്നു. അവന്റെ പ്രിയ രാഹേൽ ബെന്യാമീനെ പ്രസവിച്ച ശേഷം ബേത്‌ലഹേമിനടുത്തുവെച്ച് മരിക്കുകയും ചെയ്തു. അവന്റെ പുത്രന്മാർ അക്രമത്താൽ അവന്റെ ആത്മാവിനെ ദു:ഖിപ്പിച്ചു. റാഹേലിന്നു പ്രിയപ്പെട്ടവനായിരുന്ന, യോസേഫ്, അവന്നു ഇരുപതു വർഷത്തോളം നഷ്ടപ്പെട്ടവനായിരുന്നു. മിസ്രയീമിലെ അപരിചിതനായിരുന്ന ഭരണാധികാരി ബെന്യാമീനെ കൊുവരുവാൻ ആവശ്യപ്പെട്ടു. ഈ സാഹചര്യങ്ങളിലൊന്നിലും യിസ്രായേൽ യഹോവയെ വിട്ടുകളഞ്ഞില്ല. ഈ കാലയളവിൽ, എവിടെയാണെങ്കിലും, അവൻ യാഗപീഠം പണിതു അബ്രഹാമിന്റേയും യിസഹാക്കിന്റേയും ദൈവത്തെ വിളിച്ചപേക്ഷിച്ചിരുന്നു. പ്രവാസവും എതിരും ഉടമ്പടിയുടെ പ്രത്യാശയും അവന്റെ സ്വഭാവത്തിനു മാറ്റു കൂട്ടി. യാക്കൊബ് യിസ്രായേൽ ആകുകയും, പാകതയിലേക്കുയർന്നു, നല്ല പ്രായത്തിലെത്തി. അവസാനം മേഘം ശിഥിലമായി. യോസേഫിനേയും ബെന്യാമീനേയും അവനു തിരികെ ലഭിക്കുകയും ചെയ്തു. മിസ്രയീമിലെ അവരുടെ ജീവിതം സമാധാനത്തിൽ അവസാനിക്കുകയും, അവന്റെ അസ്ഥികൾ എബ്രോനിലെ അവന്റെ പൂർവ്വികപിതാവിന്റെ വിശ്രമസ്ഥലത്തേക്കു കൊുപോകയും ചെയ്തു.

## IV. യോസേഫിന്റെ ചരിത്രം.
## (ഉൽപ. 37:1-50:26.)

**ആമുഖമായി.** - എബ്രായജനത്തോടുള്ള യോസേഫിന്റെ ബന്ധം അബ്രഹാമിൽ നിന്നും യിസഹാക്കിൽ നിന്നും, യാക്കൊബിൽ നിന്നും വ്യത്യസ്തമായിരുന്നു. നിയമമുള്ള ആളുകളുടെയെല്ലാം മുൻഗാമികളായിരുന്നു അവർ; യിസ്രായേലിന്റെ പന്ത്രു മക്കളിൽ ഒരാളായിരുന്ന യോസേഫിൽകൂടെയാണ് വളർച്ചയെത്താതിരുന്ന ആ ദേശത്തെ വിപുലമാക്കിയത്. എന്നാൽ ഭാവിദേശത്തെ യോസേഫ് എന്നല്ല, യിസ്രായേൽ എന്നു തന്നെയാണ് അറിയപ്പെടുന്നത്. നിയമമുള്ള ജനത്തിന്റെ തലയായിരുന്നില്ല യോസേഫ്, പിതാക്കന്മാരിൽ ശേഷിച്ച മൂപ്പനു ദൈവം പ്രത്യക്ഷനായി നിയമം പുതുക്കിക്കൊടുക്കുന്നുമില്ല. അവനും അവന്റെ സഹോദരന്മാരും അപ്പോഴും പിതാക്കന്മാരുടെ കാലയളവിലായിരുന്നു, അവർ പിതാക്കന്മാരായി തന്നെ അറിയപ്പെടുകയും ചെയ്തു (പ്രവൃത്തികൾ 7:8, 9). പഴയനിയമചരിത്രത്തിലെ മറ്റേതൊരു വ്യക്തിയെക്കാളും മികച്ച സ്വഭാവത്തിനുടമയായിരുന്നു യോസേഫ്, അവന്റെ സംഭവങ്ങൾ സ്പർശിക്കുന്നവയാണ്. പഴയ പിതാക്കന്മാരുടെ ചില നല്ല ഗുണങ്ങൾ അവൻ എടുക്കുകയുായി: അബ്രഹാമിന്റെ ശക്തിയും തീരുമാനവും, യിസഹാക്കിന്റെ ക്ഷമയും സൗമ്യതയും, യാക്കൊബിന്റെ മൃദുലമായ സമീപനം, അവരുടെ എല്ലാവരുടെയും വിശ്വാസവും. അവന്റെ ജീവിതത്തെ രു അദ്ധ്യായങ്ങളായി ഭാഗിക്കാം: (1) കനാൻദേശത്തെ അവന്റെ യുവത്വം; (2) മിസ്രയിമിലെ അവന്റെ പുരുഷത്വം.

1. **കനാൻദേശത്തെ അവന്റെ യുവത്വം.** - രു വസ്തുതകളാൽ രൂപപ്പെടുത്താവുന്നതാണ് ആ കാലത്തെ സംഭവങ്ങൾ. *അതായത്:*

*a. അവന്റെ അപ്പന്റെ പക്ഷഭേദം.* - അവൻ ആദ്യം സ്നേഹിച്ച, യഥാർത്ഥ ഭാര്യയായി കണക്കാക്കിയിരുന്ന, റാഹേലിൽ, പ്രായമായപ്പോൾ ജനിച്ചവനായിരുന്നു യോസേഫ്. അതുകൂടാതെയുള്ള കാരണം, തീർച്ചയായും, യോസേഫിന്റെ സ്നേഹമുള്ള സ്വഭാവമായിരുന്നു. യാക്കൊബിനു അവനോടുള്ള സ്നേഹം പല രീതിയിലാണ് കാണിച്ചത്; മുഖ്യമായി പല വർണ്ണങ്ങളുള്ള (നീ കയ്യുള്ള) രാജകുമാരന്മാർ ധരിക്കുന്ന തരം നിലയങ്കി കൊടുത്തിരുന്നു- അതു, ഒരുപക്ഷെ, ജന്മാവകാശം അവന്നു കൊടുത്തേക്കാമെന്ന സൂചനയായിരുന്നേക്കാം. ഫലമോ മൂത്ത സഹോദരന്മാരിൽ അതു അസൂയക്കു കാരണമായി. അതു അവന്റെ സ്വഭാവത്തെ ബാധിച്ചില്ല എന്നതു അവന്റെ ശക്തിയുടേയും സ്വഭാവത്തിന്റേയും പ്രത്യേകതയെ തെളിയിക്കുന്നു, കാരണം ദാരിദ്ര്യത്തേക്കാൾ സ്വഭാവത്തെ നശിപ്പിക്കുന്നതാണ് ആസക്തി. തന്റെ അപ്പന്റെ കൂടാരത്തിൽവെച്ച് ശക്തി ക്ഷയിപ്പിക്കുന്ന കാര്യങ്ങളുായപ്പോൾ യോസേഫ് പോലും കായബലമുള്ള പുരുഷത്വത്തിലേക്കു വളർന്നോ എന്നു സംശയം ഉായേക്കാം.

*b. അവന്റെ സഹോദരന്മാരുടെ പക.* - യോസേഫിന്റെ രു സ്വപ്നങ്ങൾ അതിനെ മൂർഛിപ്പിച്ചു. അതിലൊന്നിൽ അവരുടെ കറ്റ അവന്റെ കറ്റയെ നമസ്കരിക്കുന്നതായിരുന്നു; രാമത്തേതിൽ സൂര്യൻ, ചന്ദ്രൻ, പതിനൊന്ന് നക്ഷത്രങ്ങൾ അവനെ നമസ്ക്കരിക്കുന്നതായിരുന്നു - കൂടാതെ അവൻ ജന്മാവകാശത്തിനും കാംക്ഷിച്ചിരുന്നു എന്നു കൂടെ തെളിയിക്കുന്നു. അസൂയ പകയ്ക്കു ജന്മം കൊടുത്തു; പക കുലയ്ക്കു ജന്മം കൊടുക്കുന്നു. യോസേഫിനെ ഗോത്രസ്ഥലമായിരുന്ന എബ്രോനിൽ നിന്ന് ആടുകളെ മേയ്ച്ചിരുന്ന

സഹോദരന്മാരുടെ അടുക്കലേക്ക് യോസേഫിനെ അയച്ചപ്പോൾ അവരുടെ അവസരം വന്നു, അവരുടെ ആട്ടിൻകൂട്ടം ശേഖേമിലായിരുന്നു കാണപ്പെട്ടത്. "ഇതാ സ്വപ്നക്കാരൻ വരുന്നു; വരുവിൻ, നാം അവനെ കൊന്നു ഒരു കുഴിയിൽ ഇട്ടുകളക അവന്റെ സ്വപ്നങ്ങൾ എന്താകുമെന്നു അവനു കാണാമല്ലോ എന്നു പറഞ്ഞു."[4] രൂബേൻ, അവനു അപ്പന്റെ അടുക്കൽ എത്തുവാനുള്ള സമയത്തിനായി, കുഴിയിൽ ഇടുവാൻ നിർദ്ദേശിച്ചു. രൂപേന്റെ അസാന്നിധ്യത്തിൽ, യഹൂദയുടെ നിർദ്ദേശപ്രകാരം, മിസ്രയീമിലേക്ക് *കച്ചവടത്തിനായി പോയിരുന്നവർക്ക്* യോസേഫിനെ വിറ്റുകളഞ്ഞു. ആ പകയുടെ ഫലമായി, ആട്ടിൻരക്തം മുക്കിയ അവന്റെ നിലയങ്കി കാണിച്ചുകൊ്, യോസേഫിനെ വന്യമൃഗങ്ങൾ തിന്നുകളഞ്ഞതായി അപ്പനെ ബോധ്യപ്പെടുത്തി. ഒരു കുടുംബത്തിന്റെ കുറ്റത്തോടെ ദുഃഖകരമായ ആ രംഗം പര്യവസാനിക്കുന്നു.

**2. മിസ്രയീമിലെ അവന്റെ പുരുഷത്വം.** – *a. അവന്റെ അടിമത്വ ജീവിതം.* – പുത്തിഫേറിന്റെ അടിമയായി, ഫറവോന്റെ മേൽവിചാരകനായി, അവന്റെ കഴിവും വിശ്വസ്തതയും പെട്ടെന്ന് അവനെ അവന്റെ യജമാനന്റെ വീടിന്റെ തലവനാക്കി മാറ്റി. അവന്റെ ഗുണം തന്നെ അവനെ നശിപ്പിക്കുമെന്ന ഭീഷണിയിലായി. പുത്തിഫേറിന്റെ ഭാര്യ അവനിൽ ദുരാരോപണം നടത്തുകയും, അവനെ തടവിൽ ആക്കുകയും ചെയ്തു.

*b. അവന്റെ തടവുജീവിതം.* – യോസേഫ് നിരാശയോടെ ഇരിക്കുവാനുള്ള ഒരു മനുഷ്യനായിരുന്നില്ല. തടവഴികൾക്ക് ഉള്ളിൽപോലും ധൈര്യശാലിയും സഹായിയും ആയിരുന്ന അവൻ, വീും വിശ്വസ്ത സ്ഥാനത്തേക്കുയരുന്നു. തടവിലുായിരുന്ന രുപേരുടെ സ്വപ്നം വ്യാഖ്യാനിച്ചതുകൊു അവനെ ഫറവോന്റെ സ്വപ്നം വിവരിക്കുവാൻ ക്ഷണിക്കുകയുായി. അത് അവനെ രാജകീയമായ ഏറ്റവും ഉന്നതസ്ഥാനത്തേക്കുയർത്തി.

*c. അവന്റെ രാജസന്നിധിയിലെജീവിതം.* – മിസ്രയീമിലെ രാജാവിന്റെ പ്രതിനിധിയായി, ഫറവോൻ സ്വപ്നം കതനുസരിച്ച് വരുവാനുള്ള ഏഴു വർഷത്തെ ക്ഷാമം നേരിടുവാൻ സമൃദ്ധിയുള്ള ഏഴുവർഷം ധാന്യം സംഭരിക്കുവാൻ അവൻ നിയോഗിക്കപ്പെട്ടു. സമൃദ്ധിയുടെ വർഷങ്ങൾ കഴിഞ്ഞു; ക്ഷാമകാലം വന്നു, അവിടേക്ക് യോസേഫിന്റെ സഹോദരന്മാർ ധാന്യത്തിനായി വന്നു. ഇപ്പോൾ അവന്റെ അവസരമായി. അവൻ അവരെ ഉറ്റുകാരൻ എന്ന നിലയിൽ പിടിച്ചു. ആൾജാമ്യമായി ശിമയോനെ തടഞ്ഞുവയ്ക്കുകയും, ശേഷിച്ചവരെ വിട്ടയക്കുകയും ചെയ്തു, ബന്യാമീനെ കൊുവന്നില്ല എങ്കിൽ വീും അവർക്കു തങ്ങളുടെ സഹോദരനെ കാണുവാൻ അനുവദിക്കയില്ല എന്നും പറഞ്ഞു. പ്രായം ചെന്ന പിതാവ് ആദ്യം ബന്യാമീനെ അയക്കുവാൻ മടിച്ചു; എന്നാൽ വിശപ്പ് അതിനെ കീഴ്പ്പെടുത്തി, അവസാനം, യെഹൂദയുടെ ഉറപ്പിന്മേൽ അവൻ സമ്മതിച്ചു. അവരുടെ രാമത്തെ സന്ദർശനത്തിൽ, യോസേഫ് തന്റെ പാനപാത്രം ബെന്യാമീന്റെ ചാക്കിൽ ഒളിപ്പിക്കുകയും, സഹോദരന്മാരിൽ മോഷണക്കുറ്റം ചുമത്തുകയും ചെയ്തു. പിന്നെ, മനസാക്ഷി ഉണർന്നപ്പോൾ, അവരുടെ കുഴപ്പങ്ങളെല്ലാം കുറ്റങ്ങളുമായി ബന്ധിപ്പിച്ചപ്പോൾ, ഒടുവിൽ, യെഹൂദ ബെന്യാമീനു പകരം കുറ്റമേറ്റെടുക്കുവാൻ തയ്യാറായി, എന്നാൽ യോസേഫ്, അവരുടെ തെറ്റുകൾ, വെറുതെ ക്ഷമിച്ചുകൊടുത്തു. യാക്കോബിനെ അവിടേക്കു വരുത്തുകയും, മിസ്രയീമിലെ നിയമം ഉള്ള ജനത്തിന്റെ കാലാവധി അവസാനിക്കുകയും

ചെയ്തു. എന്നാൽ, യോസേഫ് മിസ്രയീമിൽവെച്ചു മരിക്കുകയും അടക്കപ്പെടുകയും ചെയ്തെങ്കിലും, അവൻ മരിക്കുമ്പോൾ കൊടുത്ത കല്പന (ഉൽപ. 50:24, 25) നിയമവാഗ്ദാനങ്ങളോടും അവന്റെ ജനത്തിന്റെ ഭാവിയോടുമുള്ള അവന്റെ വിശ്വാസം ഉറപ്പിക്കുന്നതായിട്ടാണ് കാണുന്നത്.

ആത്മാർത്ഥതയുള്ള സ്വഭാവമായിരുന്നു യോസേഫിന്റേത്. മനസ്സിലാക്കാവുന്ന എല്ലാ ശോധനകളിലൂടെയും അവൻ കടന്നുപോയി: അവന്റെ അപ്പന്റെ പക്ഷഭേദം, സഹോദരന്മാരുടെ അസൂയയും വൃണപ്പെടുത്തലും, അശുദ്ധയായ ഒരു സ്ത്രീയുടെ അഭ്യർത്ഥന, ദുരാചാരത്തിന്റെ പിഴയിലും തന്റെ ഗുണത്തെ മുറുകെ പിടിച്ചു, പെട്ടെന്നു ആദരവും അധികാരവും അവനു ലഭ്യമായി, ഓരോ തെറ്റിലും പ്രതികാരം വീട്ടുവാനുള്ള അവസരം ലഭിച്ചു – ഇവയെല്ലാമായിരുന്നു അവന്റെ ജീവിതത്തിലെ നിർണ്ണായകമായ അനുഭവങ്ങൾ. മറ്റാരും അത്രമാത്രം പരീക്ഷിക്കപ്പെട്ടിരിക്കയില്ല; മറ്റാരും അത്രത്തോളം വിജയിച്ചിരിക്കയുമില്ല. മാനുഷിക പാപമോചനത്തിന്റെ ചരിത്രത്തിൽ അവൻ ഏറ്റവും മഹത്തായ ഉദാഹരണമായിരുന്നു; എന്നാൽ അബ്രഹാം തന്റെ വിശ്വാസത്തിൽ അത്രത്തോളം വിജയിച്ചിരുന്നില്ല. പിന്നെ, എന്തുകൊ്, യോസേഫിനെ ആക്കാതെ, അബ്രഹാമിനെ, "വിശ്വാസികളുടെ പിതാവു" ആക്കി? കാരണം അവൻ വ്യക്തമായും "വിശ്വാസയാത്രയുടെ നായകൻ" ആയിരുന്നു. അബ്രഹാം അറിയപ്പെടാത്ത നദികളിൽ കൂടെ, അറിയപ്പെടാത്ത ദേശത്തേക്ക് യാത്ര ചെയ്തു. യോസേഫ് തന്റെ യാത്ര തുടർന്നത് അബ്രഹാമും യിസഹാക്കും യാക്കോബും ആരായിരുന്നു എന്നതിന്റെയും, അവർ ചെയ്തതിന്റെയും വെളിച്ചത്തിലാണ്.

### V. ഇയ്യോബിന്റെ പുസ്തകം.

ഈ കാലംവരെ ഇയ്യോബിന്റെ പുസ്തകത്തിനുള്ളതാണ്. അത് അനേക നൂറ്റാുകൾക്കു മുൻപു എഴുതപ്പെട്ടു എന്നല്ല അർത്ഥമാക്കുന്നത്; എന്നാൽ സംഭവങ്ങൾ, രംഗങ്ങൾ, വസ്ത്രം, ജീവിതം മുഴുവൻ, പിതാവിന്റേതായിരുന്നു. ഇയ്യോബ് പൂർവ്വദേശത്തെ പ്രധാനമനുഷ്യനായിരുന്നു, അവന്റെ മക്കളെയും സമ്പാദ്യത്തെയും എടുത്തുകളഞ്ഞ് രോഗബാധിതനാകുവാൻ പിശാചിനെ ദൈവം അനുവദിക്കുകയും[5] ചെയ്തിട്ടു്. അവനെ ആശ്വസിപ്പിപ്പാൻ മൂന്നു സ്നേഹിതന്മാർ വന്നു. പുസ്തകത്തിലെ മുഖ്യഭാഗത്തിൽ ഇയ്യോബും, അവന്റെ മൂന്നു സ്നേഹിതന്മാരായ എലിഫാസ്, ബിൽദാദ്, സോഫർ, എന്നിവരും എലീഹൂ എന്ന ശുശ്രൂഷക്കാരനും യഹോവയും, തമ്മിൽ നടക്കുന്ന കാവ്യാത്മകമായ വാദം ഉൾപ്പെടുന്നു. ഇയ്യോബ് തന്റെ ആത്മാർത്ഥത നിലനിർത്തിയതുകൊു, അവന്റെ സമ്പാദ്യവും മറ്റും ഇരട്ടിയായി യഥാസ്ഥാനപ്പെടുത്തിക്കൊടുത്തു. ആ പുസ്തകത്തിൽ പിതാക്കന്മാരുടെ ചരിത്രത്തിന്റെ ഒരു ഭാഗം ഉൾപ്പെടുത്തിയിരിക്കയാണ്. അതിന് ചരിത്രപരമായ ഒരു അടിസ്ഥാനവും, കാവ്യാത്മകമായ വിപുലീകരണവും അലങ്കാരവും ്. തയ്യാറെടുപ്പില്ലാതെ വിവരിക്കുവാൻ, വിപുലവും കാവ്യാത്മകവുമായ സംഭവങ്ങളുടെ നാടകീയ തുടർച്ചയും ബന്ധവും, ആ കാഴ്ചപ്പാടിലേക്കു ചൂുന്നു. തിന്മ എന്ന പ്രശ്നമായിരുന്നു തർക്ക വിഷയം – കുഴപ്പത്തിന്റെ ബന്ധം സ്വഭാവമെന്ന് അവർ നിരൂപിച്ചു; അതിന്റെ ലക്ഷ്യം, അവർക്കു *കാണുവാൻ* കഴിയാത്തതിൽ ആശ്രയിക്കുവാൻ മനുഷ്യരെ നയിക്കുവാനാണ്.

**ശ്രദ്ധിക്കുക.**
**പിതാക്കന്മാരുടെ കാലത്തിലെ**
**ചില സ്വഭാവങ്ങൾ.**

1. അത് സ്ഥിരവാസമില്ലാതെ ഇരുന്നു. – അബ്രഹാമും ഇസഹാക്കും യാക്കോബും ആയിരുന്നു അതിന്റെ സ്ഥാപകർ, അതു നഗരങ്ങളുടേതായിരുന്നില്ല, മെനസ്, നിമ്രോദ്, അശൂർ എന്നീ പ്രദേശങ്ങളുമായിരുന്നില്ല, എന്നാൽ അതൊരു വംശത്തിന്റേതും ഒരു വിശ്വാസത്തിന്റേതും ആയിരുന്നു. അവർ കൂടാരങ്ങളിലായിരുന്നു താമസിച്ചിരുന്നത്. അവർ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കു മാറിപ്പോയിരുന്നു. എങ്കിലും അവർ ഉദ്ദേശമില്ലാത്തവരോ നിയമമില്ലാതെ അലഞ്ഞുതിരിയുന്നവരോ ആയിരുന്നില്ല; അവർ *തീർത്ഥയാത്രക്കാരായിരുന്നു*, ദൈവവിളി അനുസരിച്ച്, ദൂരവ്യാപകമായ ഉദ്ദേശത്തിനും, ദൈവശ്വാസീയമായ ഉന്നതിക്കും വേിയാണ് കുടിയേറിപ്പാർത്തിരുന്നത്.

2. അത് പിതാക്കന്മാരുടേതായിരുന്നു. – പിതാവായിരുന്നു *(a) കുടുംബത്തിന്റെ ഭരണാധികാരി.* അവനിലായിരുന്നു ജീവന്റെയും മരണത്തിന്റെയും അധികാരം. (ഉൽപ. 22:10; 28:24 നോക്കുക.) *(b) സൈന്യമുഖ്യൻ.* അബ്രഹാമിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം ആളുകൾ മെസപൊതോമ്യക്ക് എതിരായി പോയി. *(c) കുടുംബ പുരോഹിതൻ.* അവൻ യാഗപീഠം പണിയുകയും കുടുംബത്തിനായി യാഗം കഴിക്കുകയും ചെയ്തു. *(d) കുടുംബപ്രവാചകൻ.* ദൈവം തന്റെ ഇഷ്ടവും ഉദ്ദേശവും അവന്നായും അവൻ മുഖാന്തിരവും വെളിപ്പെടുത്തി കൊടുത്തു.

3. ദൈവത്തിന്റെ ആശയങ്ങൾ. – പിതാക്കന്മാർ ഉറപ്പോടുകൂടി സൂക്ഷിച്ചിരുന്നത് *(a) ദൈവത്തിന്റെ ഐക്യത.* ബഹുദേവതവാദം ഒരിക്കലും വിജയിച്ചിരുന്നില്ല. *(b) ദൈവത്തിന്റെ വ്യക്തിത്വം.* പ്രപഞ്ചത്തെ ദൈവമായി കതിനും പ്രസക്തിയില്ല, മിസ്രയീമിലുായിരുന്ന പ്രകൃതി ആരാധനയും സാധൂകരിക്കാവുന്നതല്ല. *(c) ദൈവത്തിന്റെ സർവ്വദേശീയത്വം.* അവൻ സർവ്വഭൂമിയുടേയും ദൈവമാകുന്നു (ഉൽപ. 18:25); അബ്രഹാമിന്റെയും യിസ്രായേലിന്റെയും ഫറവോന്റെയും ദൈവം; അവൻ നയിലിനെയും എഫ്രാത്തിനെയും യോർദ്ദാനെയും ഭരിച്ചിരുന്നു. *(d) ദൈവത്തിന്റെ വിശുദ്ധി.* അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ദുഷ്ടതയാൽ അവനെ ഒരിക്കലും കളങ്കപ്പെടുത്തുവാൻ കഴിഞ്ഞില്ല. സർവ്വഭൂമിയുടെയും ന്യായാധിപൻ ന്യായം നടത്തും (ഉൽപ. 18:25).

4. ആരാധനാരീതികൾ. – ദൈവാലയങ്ങളോ അല്ലെങ്കിൽ പെരുന്നാളുകളോ ഇല്ല; ശബ്ബത്തെന്ന പ്രത്യേക ആചാരവും ഇല്ല, ദൈവം സൃഷ്ടിപ്പിനു ശേഷം വിശ്രമിച്ച ഏഴാം ദിവസം, ശബത്തായി ആചരിക്കുവാൻ അവരോടു പിന്നീടു പറഞ്ഞിരുന്നു എങ്കിലും ആഴ്ചയിലെ ദിവസങ്ങളെ വേർതിരിച്ചിരുന്നതായി കാണുന്നു (ഉൽപ. 8:10–12). വലിയ യാഗപീഠങ്ങളും, മൃഗയാഗവും, പ്രതിഷ്ഠിക്കപ്പെട്ട ജ്ഞാപകങ്ങളും, ആണകളും, തീർത്ഥയാത്രകളും, പ്രാർത്ഥനകളും, ദശാംശങ്ങളും, പരിച്ഛേദന കഴിക്കലും ഉായിരുന്നു.

5. സംസ്കാരത്തിന്റെ അളവ്. – പിതാക്കന്മാർക്ക് സ്ഥിരവാസമില്ലായിരുന്നുവെങ്കിലും, അവർ അപരിഷ്കൃതർ ആയിരുന്നില്ല. അക്കാലത്ത് ഉയർന്ന പരിഷ്ക്കാരമുായിരുന്ന കല്ദയയും മിസ്രയീമുമായി അവർ ബന്ധപ്പെട്ടിരുന്നു. അവർ ആട്ടിടയന്മാരായിരുന്നു എങ്കിലും, കൃഷി പരിശീലിച്ചിരുന്നു.

അവർക്ക് പണവും ആഭരണവും ഉായിരുന്നു; യഹൂദക്കു ഒരു ദാന–മോതിരം ഉായിരുന്നു, യോസേഫിനു ഒരു രാജകീയ നിലയങ്കി ഉായിരുന്നു; എന്നാൽ അവർക്ക് നയിലിന്റെയും എഫ്രാത്തിന്റെയും താഴ്‌വരകളിൽ ഉായിരുന്ന സംസ്കാരത്തെ എഴുതുന്ന ഒരു സ്വഭാവമില്ലായിരുന്നു.

6. നിയമത്തിന്റെ പ്രാധാന്യം. – അബ്രഹാമിനോടു ചെയ്ത നിയമമായിരുന്നു പിതാക്കന്മാരുടെ കാലത്തെ കുറിച്ചും എബ്രായരുടെ ചരിത്രത്തെ കുറിച്ചും അറിയുന്നതിനുള്ള ഏക വഴി. ആ സംഭവത്തിൽ പ്രതിഫലിച്ചിരുന്നത് മുഴുവൻ മനുഷ്യനായിരുന്നു എന്നതിനു സംശയമില്ല. അവരുടെ കുടിയേറിപ്പാർക്കലിലും കുടുംബജീവിതത്തിലും ദേശീയജീവിതത്തിലും സ്വാഭാവികമായ ലക്ഷ്യങ്ങളായിരുന്നു ഉായിരുന്നത്. എന്നാൽ *ക്രിയാത്മക* വസ്തുതയും ശക്തിയും നിയമമായിരുന്നു. അതായിരുന്നു എബ്രായരെ ലോകത്തിൽ വ്യത്യസ്തതയുള്ളവരാക്കി തീർത്തത്. അത് അവരെ തുടർന്നു മുൻപോട്ടു ദേശത്തിലേക്കു നയിക്കുകയും, ഒരു ദേശമായി, ഒരു "സന്തതി" ആയി എല്ലാ ദേശങ്ങളെയും അനുഗ്രഹിക്കണമായിരുന്നു. ആരംഭത്തിൽ കൽദയ പട്ടണത്തിൽ അബ്രഹാമിനു കൊടുത്തതും, അഞ്ചോ അല്ലെങ്കിൽ ആറോ പ്രാവശ്യം കനാനിൽവെച്ചു ഉറപ്പിക്കുകയും, യിസഹാക്കിനും യാക്കോബിനും അതു പുതുക്കി കൊടുക്കുകയും ചെയ്തു. യോസേഫ് മരിക്കുമ്പോൾ കൽപന കൊടുക്കുകയും ചെയ്തു; എന്നാൽ നൂറ്റാുകൾ പിന്നിട്ടപ്പോൾ കത്തിക്കൊിരിക്കുന്ന മുൾപ്പടർപ്പിൽവെച്ച് മോശെക്ക് അതു പുതുക്കി കൊടുക്കുകയും, സീനായി പർവ്വതത്തിൽ വെച്ച് അതിനെ വിപുലപ്പെടുത്തി ഒരു ദേശീയ നിയമമായും കൊടുത്തു. അത്തരം വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ശക്തി ഒരു മനുഷ്യനിലോ ഒരു മനുഷ്യന്റെയോ ആളുകളുടെയോ സ്വഭാവത്തെ ഇളക്കുന്നതായിരുന്നില്ല.

---

കുറിപ്പുകൾ

[1]ഉൽപ. 12:7. [2]ഉൽപ. 22:2. [3]ഉൽപ. 25:23. [4]ഉൽപ. 37:19, 20. [5]ഡീനിന് "കഷ്ടതയുായി."